1824/
14/10/19

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – പ്രളയക്കെടുതിയിൽ കോട്ടയം ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

**സ.ഉ. (സാധാ) നം. 2870/2019 /റവ.** **തിരുവനന്തപുരം, തീയതി, 15.10.2019**

---

പരാമർശം:-
1. 08.12.2018 തീയതിയിലെ സ.ഉ. (സാധ) നം. 5088/2018/റവ.
2. 06.02.2019 തീയതിയിലെ സ.ഉ. (സാധ) നം. 463/2019/റവ.
3. കോട്ടയം ജില്ലാ കളക്ടറുടെ 14.10.2019 തീയതിയിലെ DCKTM/5151/2018-DM1 നമ്പർ കത്ത്.

## ഉത്തരവ്

സൂചന (1) പ്രകാരം 2018 ലെ പ്രളയത്തിൽ കോട്ടയം ജില്ലയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 18432 വീടുകൾക്കായി ആദ്യ ഗഡുവായി 41.44 കോടി രൂപയും സൂചന (2) പ്രകാരം ബാക്കി തുകയായ 41.44 കോടി രൂപയും ( ആകെ 82.88 കോടി രൂപ) അനുവദിച്ച് ഉത്തരവായിരുന്നു.

2. അനുവദിച്ച ധനസഹായത്തിന് പുറമെ 2018 ലെ പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായത്തിനായി മൂന്നാംഘട്ടത്തിൽ സ്വീകരിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് കോട്ടയം ജില്ലയ്ക്ക് 35,00,00,000/- (മുപ്പത്തി അഞ്ച് കോടി രൂപ മാത്രം) രൂപയും കൂടി അനുവദിച്ച് തരണമെന്ന് സൂചന (3) പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി കോട്ടയം ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അധിക ധനസഹായമായി 35,00,00,000/- രൂപ (മുപ്പത്തി അഞ്ച് കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **35,00,00,000/- രൂപ (മുപ്പത്തി അഞ്ച് കോടി രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട കോട്ടയം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.